**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **05-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 15-ാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം തിട്ടപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിനുണ്ടായ കുറവ് എത്രയെന്നും പ്രസ്തുത കുറവ് നികത്തിക്കൊണ്ട് സംസ്ഥാനത്തിന് കൂടുതൽ വിഹിതം ഉറപ്പാക്കാൻ ഈ സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽ നിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻറെ ശുപാർശകളിന്മേൽ നടപടി റിപ്പോർട്ട് കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 1 - ന് പാർലമെൻറിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി വാർഷികവായ്പാപരിധി അഞ്ച് ശതമാനമാക്കി ഉയർത്തുക, സെക്ടർ സ്പെസിഫിക്- സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകളുടെ വർദ്ധന, റബർ മേഖല- ചെറുകിടമേഖല വിഭാഗങ്ങൾക്ക് സഹായവും വായ്പകൾക്ക് മൊറട്ടോറിയവും ഉറപ്പാക്കൽ, മൈക്രോഫിനാൻസ് (ബാങ്കിംഗ് ഇതര) സ്ഥാപനങ്ങൾ വഴിനല്കുന്ന 1.5 ലക്ഷം രൂപ വരെയുള്ള വായ്പ വനിതാ തൊഴിലാളികൾക്കും കുടുംബശ്രീ പ്രവർത്തകർക്കും ലഭ്യമാക്കൽ എന്നിവ ഉറപ്പിക്കാനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാനും നേടിയെടുക്കുവാനുമായി ധനകാര്യവകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി ജി.എസ്.ഡി.പി-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ സ്പെസിഫിക്- സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന്റെ മുന്നോടിയായി 05.07.2021-ന് കൂടിയ എം.പി മാരുടെ സമ്മേളനത്തിൽ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബർ കർഷകർക്ക് നൽകിവരുന്ന സബ്സിഡി 2021 ഏപ്രിൽ 1 മുതൽ 150/- രൂപയിൽ നിന്ന് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാം ഘട്ടം വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of |

| | | | |
|---|---|---|---|
| | | | Covid-19 related stress of Individual and Small Business പ്രകാരം മാർഗ നിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ്- 19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി 21.05.2021-ലെ D.O.No.288/2021/CM നം. കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ